
ലിറ്റിൽ ബൈറ്റ്സ്
DIGITAL MAGAZINE
KITEs
KNNM HIGH SCHOOL
PAVITHRESWARAM

ലിറ്റിൽ ബൈറ്റ്സ്

KNNM High School Pavithreswaram — Digital Magazine

സ്വാഗതം !!

കെ.എൻ.എൻ. എം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയതാണ് ലിറ്റിൽ ബൈറ്റ്സ് എന്ന ഈ ഡിജിറ്റൽ മാഗസിൻ. ഇൻഫർമേഷൻ ടെക്ക്നോളജിയുടെ ഈ യുഗത്തിൽ വിവരങ്ങൾ ദത്തങ്ങളായി ശേഖരിക്കപ്പെട്ടപ്പോൾ അവയുടെ അടിസ്ഥാന മാപനങ്ങളിൽ ഒന്നാണല്ലോ ബൈറ്റ്സ്.

ഞങ്ങൾ കൊച്ചുകുട്ടുകരുടെ കൊച്ചുസങ്കല്പ്പങ്ങളെ, സർഗ്ഗാത്മകതയെ, ദത്തങ്ങളാക്കി– ഒരു മേഘസന്ദേശമാക്കി – നിങ്ങളുടെ ആസ്വാദനത്തിനായി സമർപ്പിക്കുന്നു.

**ലിറ്റിൽ ബൈറ്റ്സ്**





സ്നേഹ

മാഗസിൻ എഡിറ്റർ



Sri.N.Janardhanan Nair
School Manager



Smt.T.R. Geethadevi Amma
Headmistress

# എഡിറ്റോറിയൽ സംഘം

## Advisory Committee



Smt.T.R. Geethadevi Amma
Headmistress



K.B.Muraleekrishnan
Dpty.HM



Baiju Philip
SITC

Bindu.B.K
Little KITE Mistress

Leeja.D.S
Little KITE Mistress

## Editorial Committee



Sneha



Sneha



Veena



Veena



Lekshmi



Sreerag



Sreejith



Gouthami





**അഞ്ജനദേവി.യു**

ചരിത്രപ്രസിദ്ധമായ പവിത്രേശ്വരം മായംകോട്ട് മലദേവക്ഷേത്രത്തിന്റെ സമീപത്ത് പ്രവർത്തിക്കുന്ന സരസ്വതി ക്ഷേത്ര സമുച്ചയത്തിൽ kasthurba Nurssery, SCVLPS, KNNM Higher secondary $ Vocational Higher Secondary School, KNNMTTI എന്നീ ആറ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണുള്ളത്. കൊട്ടാരക്കരവിദ്യഭ്യാസ ജില്ലയിലെഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നസ്ഥാപനങ്ങളിൽഒന്ന് എന്ന ഖ്യാതി കൂടി ഇതിനുണ്ട്.1928–ൽ ആരംഭിച്ച ശ്രീ ചിത്തിരവിലാസം ലോവർ പ്രൈമറി സ്കൂളാണ് ഈ വിദ്യാഭ്യാസസമുച്ചയത്തിലെ മുത്തശ്ശി.1950–ൽ തുടങ്ങിയ അപ്പർ പ്രൈമറിസ്കൂൾ 1985–ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. സ്കൂളിന്റെ സ്ഥാപകമാനേജർ കുളമുടിയിൽ ശ്രീ.എൻ. നീലകണ്ഠൻനായരുടെ സ്മാരക മായിട്ടാണ് ഈ സ്ഥാപനം അറിയപ്പെടുന്നത്.1995–ൽ ഈ സ്ഥാപനം വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളായി പ്രവർത്തിക്കാൻ5 അംഗീകാരം ലഭിച്ചു.1998–ൽ ആരംഭിച്ച കസ്തൂർബ നേഴ്സറിയും 2003–ൽ ആരംഭിച്ച കെ.എൻ.നായർ മെമ്മോറിയൽ ടി.ടി.ഐ എന്ന അദ്ധ്യാപക പരിശീലനകേന്ദ്രവും നല്ല–രീതിയിൽ പ്രവർത്തിച്ചുവരുന്നു. 2014–ൽ ഹയർസെക്കന്ററി വിഭാഗവുംആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട് .ഇന്ന് മൂവായിരത്തിലധികം വിദ്യാർത്ഥികളും 135 അദ്ധ്യാപകരും 12

അദ്ധ്യാപകേതര ജീവനക്കാരും ഈ കുടുംബത്തിലെ അംഗങ്ങളാണ്.

നൂറുകേഡറ്റുകളുള്ള NCC യുടെ പെൺകുട്ടികളുടേയുംആൺകുട്ടികളുടേയും ഓരോ യുണിറ്റും 32 അംഗങ്ങൾ വീതമുള്ള 4 സ്കൗട്ട് യൂണിറ്റുകളും അത്രയും തന്നെ അംഗങ്ങളുള്ള രണ്ട്ഗൈഡ് യൂണിറ്റുകളും, ജൂനിയർ റെഡ്ക്രോസിന്റെ രണ്ട്യൂണിറ്റും നാഷണൽ സർവ്വീസ്സ്കീമും രണ്ട് ബാന്റ് ട്രൂപ്പും44 പെൺകുട്ടികളും 44 ആൺകുട്ടികളും ഉള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുംഈ സ്കൂളിൽ പ്രവർത്തിക്കുന്നു.കുട്ടികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകുക,കുട്ടികളിൽ സത്യം, ധർമ്മം,അഹിംസ തുടങ്ങിയ മൂല്യങ്ങൾവളർത്തുക സേവന മനോഭാവം,ശാസ്ത്രാവബോധം, എന്നിവപ്രോത്സാഹിപ്പിക്കുക കൂടാതെ സ്വഭാവരൂപീകരണം,പരിസ്ഥിതിസംരക്ഷണം,സാംസ്ക്കാരികകോന്നമനം എന്നിവയുംവിദ്യാഭ്യാസത്തിലൂടെ
ഞങ്ങൾ ലക്ഷ്യമിടുന്നു.

Anjana Devi U
IX



**കവിത**

# ദീപമാണമ്മ

## സ്നേഹ സന്തോഷ് IX B

സ്നേഹനിലാവാണമ്മ
എന്റെ സ്നേഹപ്പൂവാണമ്മ
അക്ഷരദീപം തെളിച്ചെന്നുള്ളിലെ
സ്നേഹതീർത്തോരു കൂടാരം
പൂനിലാ പൂത്തപോലെന്നെ നോക്കി
പുഞ്ചിരിതൂകിടുമെന്നും
എന്നുടെ ദുഃഖക്കണ്ണീരൊപ്പി
മാറോടുചേർത്തിടുമമ്മ.



ലോകത്തിന്റെ സ്നേഹം മുഴുവൻ
നെഞ്ചിൽപേറും അലയാഴി
ഇരുളിൽ തെളിയും വിളക്കായെന്നും
വഴികാട്ടിടും ദീപം
ലോകത്തെ സ്നേഹം ഒരു മുത്തമായി
എൻ നെറുകിൽ തലോടുന്നൊരമ്മ
സ്നേഹമാം വാനിൽ ഒരുനക്ഷത മായി തെളിയുന്നോരമ്മ
സ്നേഹമാം പാൽ തരുന്നോരമ്മ



## ഗാന്ധിജി

നമ്മുടെ രാഷ്ട്രപിതാവ് ഗുജറാത്തിലെ പോർബന്തറിൽ1869 ഒക്ടോബർ 2-ന്ജനിച്ചു. അച്ഛൻ കരംചന്ദ്ഗാന്ധി.അമ്മപുതലീബായി.മോഹൻദാസ് കരംചന്ദ്ഗാന്ധി എന്നായിരുന്ന പൂർണ്ണമായ പേര് ഇന്ത്യയിലെ പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷം നിയമം പഠിക്കാനായി ഇംഗ്ലണ്ടിലേക്കുപോയി. 1915-ൽ ഇദ്ധേഹം ഇന്ത്യയിൽ തിരിച്ചെത്തി ദേശീയസ്വാതന്ത്ര്യ സമര ത്തിന്റെ നേതൃത്വം ഏറ്റെടുത്തു. നിസ്സഹകരണപ്രസ്ഥാനം,നിയമലംഘന പ്രസ്ഥാനം,ക്വിറ്റ് ഇന്ത്യാ സമരം തുടങ്ങിയ സമരപരിപാടികൾ ആരംഭിച്ചു. 1930ൽ ഗാന്ധിജി പ്രസിദ്ധമായ ദണ്ഡിയാത്ര നടത്തി. 1948ജനുവരി 30 ന് നാഥുറാം വിനായക് ഗോഡ്സേയുടെ വെടിയേറ്റ് ഗാന്ധിജി മരിച്ചു.

RahulDev U
IX



രാഹുൽദേവ് യു

കവിത

# കുഞ്ഞുപട്ടങ്ങൾ

ഒരു പൊൻ പുലരിയാണിന്ന്
നമുക്കീ ആകാശ
ച്ചോപ്പിനു മീതെ
വർണ്ണച്ചിറകുകൾ വീശിയുയർന്നിട്ടാ
കാണാത്തകാഴ്ചകൾ കാണാം



അക്ഷരമാലകൾ ചേലൊത്തു
കോർത്തുനാം
പാടാത്ത പാട്ടുകൾ പാടാം
മുത്തശ്ശികഥയിലെ പേരില്ലാ
ഭൂതത്തിൻ കൊട്ടാരക്കാഴ്ചകൾ തേടാം

അക്ഷരം അഗ്നിയാണതു
കത്തിയുയരുമ്പോൾ
ഇരുളിൽ വഴികാട്ടും ദീപം
കണ്ണിൽതിമിരമായ് പടരുന്നൊ
രജ്ഞത കത്തികരിക്കുന്ന ജ്വാല



പുസ്തകതാളുകൾ നിധികുംഭമാക്കുന്ന
മന്ത്രവടിയേന്തി കാലം
ദത്തങ്ങൾ സംവേദ സൂക്തങ്ങളാക്കുന്ന
ഒരുനവ മേഘസന്ദേശം

പൂജ്യവും ഒന്നും ഇടകലർന്നെത്തുന്ന
വിജ്ഞാന വിസ്ഫോടനങ്ങൾ
വേണ്ടതുമാത്രം സ്വായത്തമാക്കുവാൻ
വേഗം നമുക്കൊന്നൊരുങ്ങാം

ചെറു പട്ടങ്ങളായി പറക്കാം

ബൈജുഫിലിപ്പ്(SITC)

Article

# A.P.J. ABDUL KALAM



***Avul Pakir Jainulabdeen Abdul Kalam was born on 15 october 1931. He was an Indian politician and aerospace scientist who served as the $11^{th}$ President Of India from 2002 to 2007 . He was born and raised in Rameswaram ,Tamil Nadu and studied physics and aerospace engineering. He spent the next four decades as a scientist and science administrator, mainly at the Defence Research and Development Orga-nisation (DRDO) and Indian Space Research Organisation (ISRO) and was intimately involved in Indian's civilian space programme and military missile development efforts. He thus came to be known as the Missile Man of India for his work on the development of ballistic missile and launch vehicle technology. He also played a pivotal organisational, technical,and political role in Indian's nuclear tests in 1998, the first since the original nuclear test by India in 1974.***

***Kalam was elected as the $11^{th}$ president of India in 2002 with the support of both the ruling Bharatiya janata party and the thenopposition Indian National Congress .Widely referred to as the “people's pre-sident”,he returned to his civilian life of education,writing and public serviceafter a single term.He was a recipient of several prestigious awards,includingthe Bharat Ratna, India,s highest civilian honour.***

***While delivering a lecture at the Indian Instituteof Management Shillong,Kalam collapsed and died from an apparent cardiac_arrest on27 july 2015,aged 83.thousands including national-level dignitariesattended the funeral ceremony held in his hometown of Rameshwaram, Where he was buried whith full state honours.***

***Arsha Prasad***
***IX.D***



കവിത

# കൗമാരം



ഉണരൂ... ഉണരൂ...സഹജരേ നിങ്ങൾ.
പുതിയൊരു തലമുറ വളരുന്നേ...
ആർഭാടത്തിൻ പര്യായങ്ങൾ
തേടിവരുന്നു.. പുതുവഴികൾ
ത്യാഗം, സ്നേഹം, സഹിഷ്ണതയൊന്നും
തീണ്ടീട്ടില്ലാത്തൊരു കൂട്ടം
സ്വാർത്ഥത തന്നെ മുഖമുദ്ര
നേട്ടം തന്നെ ലക്ഷ്യങ്ങൾ
കൂട്ടുകാരെ തേടീടുന്ന ലക്ഷ്യപ്രാപ്തിയ്ക്കായ്
ഓടീടുന്നു അവിടെയുമിവിടെയും സ്നേഹപ്രാപ്തിയ്ക്കായ്
ഇൻററർനെറ്റും സെൽഫോണും ടിവിചാനലുമായ്
തള്ളിനീക്കീടുന്ന ദിവസം യാതൊരു കൂസലുമില്ലാതെ.....
ജീവിതത്തിൻ പ്രശ്നങ്ങൾ
തരണം ചെയ്യാനാകാതെ
നിലവിളിയോടെ അന്ത്യത്തിൽ
ഒളിച്ചോടുന്നീ കൗമാരം.......



**Reshmi K M** IX

ലിറ്റിൽ
ബൈറ്റ്സ്

KNNM High School Pavithreswaram

Digital Magazine

**ലേഖനം**

# മധുരം ഗണിതം

സംഖ്യകൾ അത്ഭുതങ്ങളുടെ കലവറയാണ്.ഉദാഹരണമായി രാമാനുജൻ സംഖ്യ തന്നെ എടുക്കാം. രണ്ടു വ്യത്യസ്ത സംഖ്യകളുടെ ഘനങ്ങളുടെ (cube)തുകയായി രണ്ടു രീതിയിൽ എഴുതാൻ കഴിയുന്ന ചെറിയ സംഖ്യയാണ് 1729.

$1729=1^3+12^3=9^3+10^3$

ഈ സ്വഭാവമുള്ള മറ്റു സംഖ്യകളാണ് 4104,13832 തുടങ്ങിയവ.1729 ന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്.ഇതിലെ അക്കങ്ങൾ പരസ്പരം കൂട്ടി നോക്കുക.

1+7+2+9=19

19 ന്റെ അക്കങ്ങൾ പരസ്പരം മാറ്റുമ്പോൾ 91.

19*91=1729 തന്നെ കിട്ടുന്നു.ഈ പ്രത്യേകതയുള്ള 4 സംഖ്യകളേ ഇതുവരെ കണ്ടുപിടിച്ചിട്ടുള്ളു.1,81,1458,1729 എന്നിവയാണവ.

സംഖ്യകൾ ഇനിയുമുണ്ട്.അത്ഭുതങ്ങളുടെ മഹാ കലവറ.

32 എന്ന സംഖ്യ എടുക്കാം. ഇതിലെ അക്കങ്ങളുടെ വർഗ്ഗങ്ങളുടെ തുക $3^2+2^3=13$. വീണ്ടും 13 ലെ അക്കങ്ങൾ വച്ച് ഈ പ്രക്രിയ ആവർത്തിക്കുക.

$1^2+3^2=1+9=10$

$1^2+0^2=1+0=1$

ഇങ്ങനെ അവസാനം 1 കിട്ടുന്നവയാണ് സന്തുഷ്ടസംഖ്യകൾ.

ഇനി അസന്തുഷ്ടരെ നോക്കാം.

2,0 $2^2+0^2=4$-$4^2=16$ $1^2+6^2=3\ 7$ $3^2 + 7^2=9+49=58$ $5^2+8^2=25+64=89$

$8^2+9^2 =64+81=145$ $1^2+4^2+5^2=1+16+25=42$ $4^2+2^2=16+4=20$

വീണ്ടും 20 ന്റെ ക്രിയ ആവർത്തിക്കും.ഒരിക്കലും 1 ൽ എത്തി അവർ സന്തുഷ്ടരാവില്ല.

NAKSHATHRA V R
IX



കവിത

# കൊടികൾ



ഭരണം കിട്ടാൻ മരണംവരെയും
വേണം പൊതുജന സമ്മതിദാനം
കൊടികൾ കൊടികൾ പലവിധ വർണ്ണം
കൊടിയിൽ ചേർക്കാൻ നിറമിനിയില്ല
ഇന്നലെയന്തു പറഞ്ഞു,ചെയ്തു
ഇന്നത്തേയ്ക്കായ് കളയുകയെല്ലാം
വാക്കും പഴയൊരുചാക്കും സമമാം
നോക്കും ചിരിയും ചാക്കിലൊതുക്കാൻ
ചോരയിൽ മുക്കിയെടുത്തൊരു കൊടിയോ
ചോരപ്പുഴകൾ കണ്ടുമടുത്തു
അരിവാളെല്ലാം പടവാളായി
അടിയാളന്മാർ പെരുമാളായി
ദേശിയപുഷ്പം കാവിയിൽവച്ചു
ദേശാടനമായി ശേഷം ഭരണം
ഇന്ത്യ പിടിച്ചൊരു മൂവർണ്ണക്കൊടി
എന്തോ ചെയ്യുവതെന്നവശായി
ചക്രമെടുത്തു കളഞ്ഞിട്ടവിടെ
ചക്രംവാങ്ങാൻ കൈയുംവച്ചു
അക്ഷരമൊന്നു തിരിച്ചുമറിച്ചി-
ട്ടച്ഛൻ പാർട്ടി മച്ചാൻ പാർട്ടി
കൊടികൾ കണ്ടുമടുത്തു ജനങ്ങൾ
കോടികൾ വാങ്ങാൻ വെമ്പുംപാർട്ടി
കേരംവിങ്ങും റബ്ബർനാട്ടിൽ
കോരനു കുമ്പിളിലത്രേ കഞ്ഞി;
ഇനിയൊരു കാലം വരുമോ ഇവിടെ
ഇവരില്ലാത്തൊരു സുന്ദരലോകം
കൊടികളിറക്കു സംസ്കാരത്താൽ
കോടികളൊന്നായ് തീർന്നിടട്ടേ.



VEENA

ലേഖനം

# ലിറ്റിൽ കൈറ്റ്സ് എന്ത്? എന്തിന് ?

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിൻെറ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളും ഹൈ-ടെക്കായി മാറി. ഈ വിദ്യാലയങ്ങളിലെ സാധാരണക്കാരായ കുട്ടികളേയും ഇതിന്റെ ഭാഗമാക്കുന്നതിനും വേണ്ടി കേരളാ ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യൂക്കേഷൻ ( കൈറ്റ്) ആരംഭിച്ച കുട്ടികളുടെ I T കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. മുൻപ് I T club,ഹായ്കുട്ടികൂട്ടംഎന്നീപേരുകളിലാണ് അറിയപ്പെട്ടിരുന്നത്.2018-19 വർഷം 1955 സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ആരംഭിക്കാൻ കൈറ്റ് അംഗീകാരം നൽകി.തിരഞ്ഞെടുത്ത സ്കൂളുകളിലെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കാണ് ക്ലബംഗങ്ങളാകാൻ കഴിയുക.

ഹാർഡ്‌വെയർ,ഇലക്ട്രോണിക്സ്,അനിമേഷൻ,സൈബർ സുരക്ഷ,മലയാളം കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ് നിർമാണം,പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, വെബ് ടി.വി, തുടങ്ങിയ മേഖലകളിൽ കുട്ടികൾക്ക് വൈദഗ്ധ്യം നൽകുന്നതാണ് ലിറ്റിൽ കൈറ്റ്സ് പദ്ധതി. ഇതിനു പുറമേ ക്യാമ്പുകൾ, ഇൻഡസ്ട്രി വിസിറ്റുകൾ എന്നിവയും സംഘടിപ്പിക്കുന്നു.

സ്കൂളുകളിലെ ഹാർഡ് വെയർ പരിപാലനം,രക്ഷകർത്താക്കൾക്കുള്ള കംപ്യൂട്ടർ സാക്ഷരത,ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക പരിശീലനം, സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തുനൽകൽ, വിക്കിപ്പീഡിയ... വിക്കേറ്റ്സ്ലിലേക്കുള്ള ഉള്ളടക്ക നിർമ്മാണം,സ്കൂൾ തല വെബ് ടി.വി കൾ തുടങ്ങിയവ ക്ലബംഗങ്ങളുടെ ചുമതലയാണ്.

വിവരവിനിമയ സാങ്കേതിക വിദ്യയുടെ പുതിയ ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്താൻ ഈ പദ്ധതി ഏറെ സഹായകരമാകുമെന്ന് നമുക്ക് ആശിക്കാം.

BINDHU B K, LEEJA D S
( KITE MISTRESSES)

# Snake and the Little Rat



Once upon a time, it had just rained and the forest,was nourishing with water everywhere. There was no shortage of food for any animals.

A snake was swimming in a pond. It had an eye on the plentiful fish in the pond. As it was about to catch a fish, the other fish saw it and pecked at it, biting and annoying it. The snake could not catch the fish.

The disappointed snake swam the shore and was about to leave the place. Just then it saw a little rat nearby. So it went to the little rat and asked “What is the justice in the act of the fish. I was about to catch a big fish,but the other chased me off.”

The little rat thought for a while and replied," Of course,it is just. When the fish comes to you,you can eat it. But,when you go to the fish the fish have right to chase off." Saying this the little rat leapt away saying to itself “oh God! I 've been lucky to day to have escaped.

MORAL= Even the mighty errs.

SNEHA SHAJI
IX






# മദർ തെരേസ

അനാഥരുടെയും അഗതികളുടെയും പാനങ്ങളുടെയും ക്ഷേമത്തിനായിജീവിതം സമർപ്പിച്ച സന്യാസി.'അഗതികളുടെ  അമ്മ ' എന്നപേരിൽ ലോകം മുഴുവൻ അറിയപ്പെട്ടു. മാസിഡോണിയിലെ സ്കോപ്യെയിൽജനിച്ചു. ഭാരതരത്നം,സമാധാനത്തിനുള്ളനോബൽ സമ്മാനം തുടങ്ങിയ നിരവതി ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 2003ൽ മദർതെരേസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.


**Anuragh A S**
**IX**






# AKIRA KUROSAWA

*Akira Kurosawa was born in Japan in 1910. He was a Japanese film director, producer, screenplay writer and editor. In a career that spanned 57 years, Kurosawa directed 30 films . He entered the Japanese film industry in 1936, during the second world war following a brief, unsuccessful career as a painter. Drunken Angel, Rashomon, Ikiru, Seven Samurai and Dreams are some of his major works. He is widely regarded as one of the most important and influential film-maker in the history of cinema. In 1990,he was given the Oscar Award for Lifetime Achievement. He was named 'Asian of the Century' posthumously. He died in 1998.*




*Arsha Prasad*

*IX.D*





## കവിത

# ഓർക്കുന്നു ഞാനെന്റെ ബാല്യകാലം

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ഓർമ്മകൾ മങ്ങാത്ത നാട്ട്യങ്ങളില്ലാത്ത നാമജപത്തിന്റെ ശാന്തതയും
സ്വച്ഛന്തസുന്ദര കാലം അഭിലാഷ
സ്വർഗീയ നിമിഷമാകാലം
എന്റെ മനസ്സിന്റെ കോണിലായെന്നും എന്നും തെളിയുന്ന ഓർമ്മ മാത്രം ....

മാമ്പൂമണക്കുന്ന കാലം മുറ്റത്ത്
കരിയില വീഴുന്ന നേരം
അണ്ണാറക്കണ്ണന്റെ കലപില കേട്ടു
ഞാനവനോട് കലഹിച്ച കാലം
ഓർമ്മയിലിന്നുമാ ബാല്യകാലം.....



മുറ്റത്തു പൂക്കളം തീർത്തൊരാനാളിൽ
മുക്കുറ്റി തേടിയകാലം
വെള്ളില കൊണ്ടു ഞാൻ
പൂപറിക്കാനായ് ഞാറുള്ള പാടത്ത്
പോയകാലം
പുള്ളിപശുവിന്റെ പൈതലിൻ കവിളത്ത്
മുത്തം കൊടുത്തൊരാ ഓർമ്മ മാത്രം
ഓർമ്മയിലിന്നുമാ പോയകാലം........

-ലക്ഷ്മിനന്ദന.എൽ



# Full Forms Related to Information Technology

FULL FORM
RELATED COMPUTER

**pc : PERSONAL COMPUTER**
**CPU : CENTRAL PROCESSING UNIT**
**OS : OPERATING SYSTEM**
**UPS : UNINTERRUPTIBLE POWER SUPPLY**
**RAM : RANDOM-ACCESS MEMORY**
**ROM : READ ONLY MEMORY**
**LCD : LIQUID CRYSTAL DISPLAY**
**LED : LIGHT EMITTING DIODE**
**NTFS : NEW TECHNOLOGY FILE SYSTEM**
**PDF : PORTABLE DOCUMENT FORMAT**
**MS : MICROSOFT**
**SD : SECUREDIGITAL**
**CD : COMPACT DISC**
**DVD : DIGITAL VERSATILE DISC**
**URL : UNIFORM RESOURCE LOCATOR**
**IC : INTEGRATED CIRCUIT**
**AMD : ADVANCE MICRO DEVICE**
**FPS : FRAME PER SECOND**
**GPRS :GENERAL PACKET RADIO SERVICE**
**3G :3RD GENERATION**
**SMPS :SWITCH MODE POWER SUPPLY**
**BIOS :BASIC INPUT OUTPUT SYSTEM**
**VGS :VIDEO/VISUAL GRAPHICS ADAPTER**
**MP3 : MOVING PICTURE EXPERTS GROUP PHASE 3**
**MPEG :MOVING PICTURE EXPERTS GROUP PHASE**
**JPG : JOINT PHOTOGRAPHIC EXPERTS GROUP**
**AVI :AUDIO VIDEO INTERLEAVE**
**WMV :WINDOWS MEDIA VIDEO**
**RGB :RED-GREEN-BLUE**
**PRO :PROFFESIONAL**
**USB :UNIVERSAL SERIAL BUS**
**IT :INFORMATION TECHNOLOGY**
**IP :INTERNET PROTOCOL**
**HTML :HYPERTEXT MARK UP LANGUAGE**
**PHP :HYPERTEXT WIDE WEB**
**CEO : CHIEF EXECUTIVE OFFICER**
**E-MAIL : ELECTRONIC MAIL**
**SMS : SHORT MESSAGE SERVICE**
**ISO : INTERNATIONAL STANDARDS ORGANIZATION**
**LAN : LOCAL AREA NETWORK**
**WLAN : WIRELESS LOCAL AREA NETWORK**
**IDM : INTERNET DOWNLOAD MANAGER**
**KB : KILOBYTE**
**MB : MEGABYTE**
**GB : GIGA BITE**
**INTEL : INTEGRATED ELECTRONICS**
**WI-FI : WIRELESS FIDELITY**

**Jith Lal**
**IX.F**



JITH LAL

കവിത

# സൂര്യൻ



കിഴക്കു മലയുടെ മുകളിൽ നിത്യം
ഉദിച്ചുപൊങ്ങും കതിരവനേ
നിനക്കു വന്ദനമരുളാൻ
ഉണർന്നിടുന്ന പതിവായി
മഞ്ഞായാലും മഴയായാലും
മടിച്ചു നിൽക്കുകയില്ല നീ

എന്നും കൃത്യം തന്നെ നിന്നുടെ
ഉദയം മാറ്റമില്ലാതെ
പവിത്രമല്ലേ നിൻ കർമം

By
Vineesh.vs





## SPENCER KIMBALL

**GIMP was created by peter mattis and Spencer kimball ,the american computer programmes, as a part of their research project, when they were students of the university of california.**

**Athira G**
**IX**

## Arts and Craft

**Art is the creation or expression of something beautiful in painting,sculpture, music,literature,dance,drama etc. Art heightens our aesthetic tastes. Works of art are really final and they appeal purely at the level of imagination. The are not good for any practical utility.**

**Every piece of art always contain craft. Craft is closely associated with the concept of form. It is a skilled work because it involves the application of a technique. Craft implies the application of human intelligence and hand. Craft has more practical values than art.**

**Vineesh V S**
**IX.F**



കവിത

# മരിക്കുന്ന ഭൂമി

ചുട്ടുപൊള്ളുന്ന ചുവന്ന ഗോളമാ-
ദരിക്കപ്പെട്ടും ഭൂമിക്കു ഭാരമായ്
മരവിച്ച മനസ്സുള്ള മനുഷ്യരുണ്ട്
മരിക്കാൻ മറന്നൊരു സൂര്യനുണ്ട്.



മഴതിന്ന മാമര കൊന്്ുകളും
ഒരുതുള്ളി ജലമില്ലാ തോടുകളും
നദിയും തടാകവും പുഴയുമുണ്ട്

ഹരിതസങ്കൽപ്പങ്ങൾ മാഞ്ഞുപോയ
ഭൂമിയെ മനുഷ്യൻ കൃതിമ ഭൂമിയാക്കി
ആ കൊലയാളി സമർ  നല്ലേ.....?



മനുഷ്യനാൽ, തന്റെ
പുത്രനാൽ മരണമടയുന്ന
മാതാവേ നിനക്കൊരു ചരമഗീതം.
ഹരിതമനോഹരിയാം മമ മാതാവേ
നിനക്ക് വീണ്ടുമൊരു ചരമഗീതം....



**Vaishnavi Vijayan**

# ***AROUND THE WORLD***

*1.Surface area of the Earth :5,10,10,500 Sq. Km*

*2.Land surface : 29.08 %*

*3.Water surface :70.92 %*

*4.Continents :7*

*5.Ocean :5*

*6.Aroimfenance of earth at the equator :40,075km*

*7.Diameter of earth at the equator :12,756 km*



***GREESHMA.G***

*8.Diameter of earth at the pole :12,714 km*

*9.Distance of the earth from the sun :14,94,07,000 km*

*10.World population :723.82crore*

*11.Largest continent :Asia*
*12.Smallest continent :Australia*

*13.Largest country :Russia (170,75,200km)*

*14.Smallest country :Vatican (0.44Sq.km)*

*15.Most populated country : China (136.6 crore)*

*16.Least populated country :Vatican (839 in number)*

*17.Total number of countries :198*

**APPRECIATION**

# NEWTON'S LAW




It is a humorous poem by Nanditha Das. She vividly narrates her awful experience in her science class. She was inattentive in the class.
So when the teacher asked her to explain Newton's Law of Gravity and mass she started to flounder. She stood before the class trembling with fear.
Suddenly she fell off the stage on to the floor. The children laughed and the teacher appreciated her for demonstrating Newton's Law of Gravity. No one seemed to think about the sad plight of the poor girl.
The poem is full of imagery.
The sight of the girl standing on the stage murmuring 'Gravity' is a very good example of visual image. The sound of her falling and the sound of the roaring laughter and her heartbeats are typical examples of auditory images. The lines follow the rhyme scheme 'aabb ccdd.....'.
Rhyming pairs like day-way,dare-glare,
class-mass make the poem very beautiful and enjoyable.

Abhinandhana
IX.D





# TRUE FRIENDSHIP

True friendship seems to be getting rare in this world. This does not mean that all friendships are false. But friendship is increasingly becoming an act of selfishness. Money attracts friendship. The richer a man is the more friends he will have. He has the power to purchase friends. Friendship ends when money ceases to be the link between friends.



But true friendship is of a different nature. It is lasting and changed circumstances do not end it. Money has no place in it. A true friend is ready to make sacrifices to help his friend.

**Prasun P L IX**

# THANKS FOR ALL

Life is like a riddle
Its answer is easy
But the mystic way and
Answers seem to be tough.
The troublesome journey of our life
Begins with our school life
Friends are my relief
From this uncouthness
They fill our life
With love and care
Everything is shared
Everything is discussed
Time will run so past
valuable moments of present
Will be the sweet memories forever.........
Thank you K.N.N.M.V.H.S.S for giving me
many sweet memories to remember



Sneha Shaji
IX.B



Article

# THE VALUE OF EDUCATION

Education is the manifestation of the perfection that is already in man. We aim to develop in the young minds,a curiosity to try new things and ideas,the will to learn,the energy to strive and the ambition to achieve. The student should be educated in such a way that they can contribute to the making of the world a better place to live in.

Students are the hope of our country. A student is like clay which can be moulded in to any shape. Hence it is necessary that students should be brought up in the right ways. The environment provide by society is responsible for shaping the character of a student.

But a large number of students from India go abroad for further education and in search of better prospects in life. Unfortunately most of the students who go abroad to study don't return home. They have a tendency to settle there permanently . This causes a huge loss to our country .India is one of the countries which donate a large number of professional to other countries of the world .



GREESHMA G
IX

**Arts and Craft**

ലേഖനം

# മാതൃഭാഷ മറക്കുന്ന മലയാളം



കേരം തിങ്ങും നാടായ കേരളത്തിന്റെ മാതൃഭാഷ ഈ നൂറ്റാണ്ടിൽ നിലംപതിച്ചു കൊണ്ടിരിക്കുകയാണ്.

"എന്നുടെ ഭാഷതാനെൻ തറവാട്ടമ്മ
യന്യയാം ഭാഷ വിരുന്നുകാരി"

എന്ന് വള്ളത്തോൾ പാടിയിട്ടുണ്ട്.ആശയവിനിമയത്തിനായി നാം ധാരാളം ഭാഷകൾ ഉപയോഗിക്കുന്നുണ്ടെങ്കിലും നമ്മുടെ മാതൃഭാഷയോട് ഒരു പ്രത്യേക സ്നേഹ-വും, ആദരവും പുലർത്തിയിരുന്ന കാലമുണ്ടായിരുന്നു. കേരളീയരുടെ മാതൃഭാഷ മലയാളമാണ്.




ഏതൊരുവനും അവന്റെ വികാര വിചാരങ്ങൾ പൂർണ്ണമായും മറ്റുള്ളവരിലേക്ക് പകരാൻ ശക്തമായ ഭാഷ മാതൃഭാഷ തന്നെ.അന്യഭാഷയിൽ സംസാരിക്കുന്നത് ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കുന്നതുപോ-ലയും സ്വന്തംഭാഷയിൽ സംസാരിക്കുന്നത് അമ്മ വിളമ്പി തരുന്ന ഭക്ഷണം കഴിക്കുന്നതു-പോലെയുമാണ്. ഇന്നാണെങ്കിൽ മലയാളി മലയാളത്തെ മറന്ന് ഇതര സംസ്കാരങ്ങളെ പുൽകാൻ

വെമ്പൽകൊള്ളുന്നു.വേഷങ്ങളിലും ഭാഷയിലുംജീവിതരീതിയിലുമെല്ലാം ഈ മാറ്റം

പ്രകടമാണ്.മലയാളത്തോട് മലയാളിക്ക് അവജ്ഞ.ഇംഗ്ലീഷ് പഠിപ്പിക്കാൻ കാശുമാത്രമുള്ള ബുദ്ധികുറഞ്ഞ കുട്ടികളെ പല ഉന്നത സ്ഥാപനങ്ങളിലും പഠിപ്പിച്ച് അതിന്റെ വിശ്വാസ്യത കളഞ്ഞുകുളിക്കുന്നത് നമുക്ക് കാണാവുന്ന കാഴ്ചയാണ്.

കുഞ്ഞുണ്ണി മാഷ് പറഞ്ഞത് എത്ര ശരിയെന്ന്തോന്നിപോകുന്നു.



“ജനിക്കും നിമിഷം തൊട്ടെൻ മക-
നിഗ്ലീഷ് പഠിക്കണം
അതിനാൽ ഭാര്യതൻ പേറ-
ങ്ങിംഗ്ലണ്ടിലാക്കി ഞാൻ.”

ചിന്തിക്കൂ സമൂഹമേ ഇതിലെ യാഥാർത്ഥ്യം.കൈരളിയുടെ സംസ്കാരത്തെ വലിച്ചെറിഞ്ഞ്

ഡിഷ് ആന്റിനകളും കേബിളുകളും വാങ്ങി കൂരയ്ക്കുള്ളിലെ കിടപ്പറയിൽ റിമോട്ടിന്റെ ബട്ട-ണകൾ മാറി മാറി അമർത്തി ചാനലുകൾ മാറ്റി രസിക്കുന്ന മനുഷ്യാ നിന്റെ സാംസ്കാരിക നാശം വിദൂരമല്ല. നാം നമ്മുടെ സംസ്കാരത്തെ സ്നേഹിക്കണം. അതിനെവിലയിരുത്തണം, ഉൾക്കൊള്ളണം........!


Nakshathra V R

IX



***Child Hero***

# ***Malala Yousafzai***




Malala Yousafzai is only 16,but she has been fighting for girls education for years. When she was 11,she started blogging about the Taliban takeover of her home town of Mingor,in north western Pakistan. Taliban members follow an extreme version of Islam. They belive girls should not go to school.

For several months, Malala's school and hundreds of others in the districts of swat were closed. Malala spoke about her desire to go to school. When the Pakistani government regained control. Malala was able to return to class. But she continued to speak out about girls right to education .On October 9 2012, the Taliban tried to silence her.

A gun man boarded her school bus and shot her on the left side of her forehead.

But Malala survived,showing great courage and optimism during her long long recovery. During this time, Malala become a symbol of the struggle for girls rights of all over the world.

Malala become the youngest person ever to be nominated for a Nobel peace prize. She also released her memories, 'I am Malala' which tells the story of her life before and after the gunshot that nearly killed her.Her book inspired a course at George Washington university,in Washington DC. The Curriculum focuses on political activism and the importance of education for girls.

Malala is now a student in Birmingham,England.She continues to give a voice to the millions of children around the world who do not have opportunity to go to school.

Malala Yousafzai is brave admirable and amazing.
Malala was awarded Nobel prize for peace.
I proud about Malala yousafzai.........



Rudhra S


കവിത

# കിനാവ്

പകൽ കിനാവിന്നും
പതിവുപോലെ
പുളിയിലക്കര
പുടവ  ചുറ്റി,
പൊട്ടു  തൊട്ടു,
വാലിട്ടു കണ്ണെഴുതി,
മുട്ടോളമെത്തും
മുടി,  യഴകിൽ
മെടഞ്ഞതിൽ
മുല്ലപ്പൂ മാല  ചൂടി,
മനസ്സിന്റ
കടവത്തുന്ന
തോണിയേറി
തുഴയുന്നു.....
ഇതുവരെ കാണാത്ത
മഴവില്ല തേടി......
മലർക്കാടു തേടി.....
മധുക്കൂടു  തേടി....



Anagha B Manikandan



## നിക്കോളാസ് കോപ്പർനിക്കസ്

ആധുനിക ജ്യോതിശാസ്ത്രത്തിന്റെ പിതാവാണ് കോപ്പർ നിക്കസ്. സൗരയൂഥത്തിന്റെ കേന്ദ്രസ്ഥനത്ത് സൂര്യനെചുറ്റകയാണെന്നും ആദ്യംപറഞ്ഞത്തിക്കോളാസ് കോപ്പർ നിക്കസ് എന്നപോളീഷ് ശാസ്ത്രജ്ഞനാണ്. 1300 വർഷമായിനിലനിന്നിരുന്ന ടോളമിയുടെ ഭൂമികേന്ദ്രീകൃത സിദ്ധാന്തത്തിന്റെ കടയ്ക്കൽ അതോടെകത്തിവീണു. ഇത് യാഥാസ്ഥിക സമൂഹത്തിനേറ്റ കനത്തഒരടിയായി, ഓൺ ദ റവല്യൂഷൻ ഓഫ് ദ സെലസ്റ്റിയൽ സ്പിയേഴ്സ് (on the Revolution of the celestial spheres)എന്ന കൃതിയിലാണ് കോപ്പർ നിക്കസ് തന്റെ സിദ്ദാന്തംഅവതരിപ്പിച്ചത്.

**Manju S**
**IX**

# *DISCIPLINE MAKES ONE PERFECT*

*D-D is the 4th letter in the alphabet*

*I-I is the 9th letter in the alphabet*

*S-S is the 19th letter in the alphabet*

*C-C is the 3rd letter in the alphabet*

*I-I is the 9th letter in the alphabet*

*P-Pis the 16th letter in the alphabet*

*L-L is the 12th letter in the alphabet*

*I-I is the 9th letter in the alphabet*

*N-N is the 14th letter in the alphabet*

*E-E is the 5th letter in the alphabet*

*4+9+19+3+9+16+12+9+14+5=100*

*This means that Discipline makes a man*

*100% perfect.*

*Keerthi Krishnan*

*IX*

# സഞ്ചാരം



ഇരുട്ട്,
ഓർമ്മകൾക്കുള്ളിലേക്ക്
അറിയാതെ അരങ്ങേറുന്ന ശൂന്യത.
വളരുമ്പോൾ
പ്രണയമായും, സൗഹൃദമായും
സ്വൈരം കെടുത്തുന്ന
കറുപ്പ്
കാലത്തിനും
ഉണർവിനുമിടയ്ക്ക്
മരിച്ചുകൊണ്ടിരിക്കുന്നു എന്നതിന്
സാക്ഷി.
ഇരുട്ട്,
ഇരുട്ടിലൂടെ,
ഇരുട്ട് തേടിയുള്ള
തിരിച്ചറിവില്ലാത്ത സമയം

Veena V
IX

# Quotes on Gandhiji

1.Gandhiji 's ideas have played a vital
vital role in South Africa's transformation
and with the help of Gandhiji 's teaching
apartheid has been overcome
_ Nelson Mandela



2.Christ gave us the goals and
Mahatma Gandhi the tactics
_Martin Luther King Jr.

3.Generations to come, it may well
be,will scare believe that such
a mass as this one ever in flesh
and blood walked upon this earth
_Albert Einstein

4.He was the only way of light
to help us through these darkest days.
_Khan Abdul Guaffar Khan
(on gandhiji's death)

5.Impression of Gandhi? You
might well ask for someone's
impression of the Himalayas
_George Bernard Shaw

Amritha Vinod
IX

# നാം അറിഞ്ഞ ഗാന്ധിജി

ഇരുപതാം നൂറ്റാണ്ട് കണ്ടിട്ടുള്ള മഹാന്മാരിൽ അഗ്രഗണ്യനായിരുന്ന മഹാത്മാഗാന്ധി. തത്വങ്ങൾ പ്രസംഗിക്കുകയും, പ്രചരിപ്പിക്കുകയും,അവ സ്വന്തം ജീവിതത്തിൽ അദ്ദേഹം പകർത്തുകയും ചെയ്തു .സ്വാതന്ത്ര്യാനന്തരഭാരതത്തിലെ പുതുതലമുറയ്ക്ക് ഗാന്ധിയൻ ജീവിതവീക്ഷണം ഒരു പുതിയ സംസ്കാരം കെട്ടിപ്പടുക്കാനുള്ള അടിസ്ഥാന ശിലയാണ്. ഈ ആദർശങ്ങളുടെയും മൂല്യങ്ങളുടെയും മൂർച്ചയിൽ ഊരുതിരിഞ്ഞുവന്ന വിദ്യാഭ്യാസാ ആശയങ്ങളുടെ ആവിഷ്കാരമാണ് അടിസ്ഥാന വിദ്യാഭ്യാസം.

ഭാരതീയ സാംസ്കാരിക പൈതൃകത്തിന്റെ അടിസ്ഥാനങ്ങളായ വേദങ്ങളും ഉപനിഷത്തുകളും ഭഗവത്ഗീതയും ഗാന്ധിയൻ വീക്ഷണങ്ങളെ വളരെ യധികം സ്വധീ നിച്ചിട്ടുണ്ട് . ഭഗവത്ഗീത അദ്ദേഹത്തെ ഒരു കർമ്മയോഗിയാക്കി. ബുദ്ധമതത്തിന്റെയും, ജൈനമതത്തിന്റെയും അടിസ്ഥാന ദർശനമായ 'അഹിംസ' ഗാന്ധിജിയുടെ ജീവിതത്തി ന്റെ / ജീവിതദർശനത്തിന്റെ അടിത്തറയായി.

ക്രിസ്തുദേവന്റെ ത്യാഗത്തിൽ നിന്ന് അദ്ദേഹം ആവേശം കൊണ്ടു. ഖുറാനി ലെ ഏക ദൈവ സന്ദേശം അദ്ദേഹത്തെ സ്വാധീനിച്ചു . ആധുനിക ചിന്തകന്മാരായ ടോൾസ്റ്റോയിയും,റസ്കിനും, തോറയും അദ്ദേഹത്തിന്റെ ദാശനികചിന്തയ്ക്ക് രൂപം നൽകി '' ദൈവംരാജ്യം നിങ്ങൾ തന്നെ കുടികൊള്ളുന്നു''എന്ന റസ്കിന്റെ സന്ദേശം ഗാന്ധിജിയുടെ ആത്മീയ ചിന്തയെ തട്ടിയുണർത്തിയിട്ടുണ്ട്. മനുഷ്യനന്മയിലുള്ളവിശ്വസം,തൊഴിലുകളുടെ മാഹാത്മ്യം , അധ്വാനത്തിന്റെ അന്തസ്സ് തുടങ്ങിയവ മഹാത്മജി മനസ്സില്ക്കിയത് റസ്കിന്റെ ചിന്തകളിൽ നിന്നാണ്. നിയമം അനുസരിക്കാതിരിയ്ക്കൽ (civil disobedience) എന്ന സമരമുറ മഹാത്മജി രൂപപ്പെടുത്തിയ തോറയിൽ നിന്നാണ്.

വിവിധ മതങ്ങളുടെ ആരാധനാസമ്പ്രദനായങ്ങളും ഒരു ദൈവത്തിലേക്കുള്ള മാർഗ്ഗങ്ങളാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഏകദൈവ വിശ്വാസം അദ്ദേഹത്തിന്റെ ദർശ നങ്ങളുടെ നട്ടെല്ലാണ്. ഈശ്വരന്റെ കരങ്ങൾ സൂര്യരശ്മിപോലെ പ്രപഞ്ചം മുഴുവൻ വ്യാപി ച്ചിരിക്കുന്നു. ആ പ്രകാശമാണ് സത്യം. ജീവിതം നിരന്തരമായ ഒരു സത്യാന്വേഷണമാണ്. സത്യം കണ്ടെത്തലാണ് ജീവിതലക്ഷ്യം.

**Soorya R**

**IX**

# പൊൻ

# കൊടി



പാറട്ടങ്ങനെഭാരതനാട്ടിൽ
മൂവർണക്കൊടി പാറട്ടെ
നാടൊട്ടുക്കും, വീടൊട്ടുക്കും
മൂവർണക്കൊടി പാറട്ടെ
ഇന്നാണല്ലൊ നമ്മൾക്കെല്ലാം
സ്വാതന്ത്ര്യത്തിൻ പൊൻ സുദിനം
അടിമത്വത്തിൻ പൊൻസുദിനം
അടിമത്വത്തിൽ  നിന്നും നമ്മൾ
മൊചിതമായൊരു പൊൻ സുദിനം

**ഗോകുൽകൃഷ്ണൻ. വി**



## സ്റ്റീഫൻ ഡബ്ല്യൂ ഹോക്കിങ്



പ്രശസ്ത ഭൗതികശാസ്ത്രജ്ഞൻ. 1942 ജനവരി 8 ന് ഓക്സ്ഫോർഡ്ൽ ജനിച്ചു.

17-ാം വയസിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഭൗതികശാസ്ത്ര ബിരുദം നേടിയശേഷം കേംബ്രി ഡ്ജിൽ ഗവേഷണപഠനം നടത്തുന്നതിനിടെ യാണ് കൈകാലുകളെ തളർത്തുന്ന മോട്ടോർ ന്യൂറോൺ എന്ന നാഡിരോഗം ഇദ്ദേഹത്തെ പിടികൂടിയത്. 1966 ൽ ഗവേഷണം പൂർത്തിയാക്കി കേംബ്രിഡ്ജിൽ ഫെലോഷിപ്പ് നേടി . തമോഗർത്തങ്ങളെക്കുറിച്ചുള്ള പഠനം തുടങ്ങി.1968 ൽ ശരീരം പൂർണമായും തളർന്നു. തമോഗർത്തങ്ങൾ ശൂന്യമല്ലന്ന ശ്രദ്ദേയമായ കണ്ടെത്തൽ



നടത്തിയത് 1943 ലാണ്. 1978 ൽ പ്രശസ്തമായ ആൽബർട്ട് ഐൻസ്റ്റെെൻ പുരസ്കാരം ഇദ്ദേഹത്തിന് ലഭിച്ചു.2018 മാർച്ച് 14 ന് അന്തരിച്ചു.



Rajasree Rajan

## രണ്ടു കവിതകൾ

# *ജീവിതം*

മേഘ

വിരിയട്ടെ ഒരു പുഷ്പംപോൽ ജീവിതം
ഉണരട്ടെ  ഒരു  പുലരിടയെന്നപോൽ ജീവിതം
ചിത്രങ്ങളാം പുൽത്തണ്ടിലെ നന്മയേറും
പുതു ജീവിതങ്ങൾ
ഓർമ്മയിൽ ഒരു കിനാവുപോലെ ജീവിതം
അന്ന് ഒളിപ്പിച്ച വച്ച്  നെഞ്ചിലെ
തുടിപ്പാകുന്ന ജീവിതം
അറിവിലും പാട്ടിലും
ചെറുനിറമാകുന്ന ജീവിതം
എൻ മനസ്സിലെ ചിപ്പിക്കുള്ളിൽ
ചെറുതേൻ  കുടമാകുന്ന ജീവിതം

# *സൗഹൃദം*

*ഗ്രീഷ്മ*

മഴ നനഞ്ഞ്  വന്നവർ നമ്മൾ
സൗഹൃദങ്ങളെ ചാറ്റൽ മഴയിൽ
പുളകം കൊണ്ടവർ നമ്മൾ
മഴയുടെ നാനാർത്ഥം തേടി
ഒടുവിലെപ്പോഴോ സ്നേഹത്തിലേക്കൊഴുകുവാൻ
വെമ്പിയോർ..................
ഹരിത ഹർഷങ്ങൾ തേരിലേരിയവർ
നമ്മൾ....................
പിരിയില്ല നമ്മൾ ഈ ഭൂമിയിൽമരിക്കുവോളം



# അമ്മ

സ്നേഹത്തിൻ കതിരൊളിയാണമ്മ

സ്നേഹാമൃതമാണമ്മ....

വാൽസല്യ ഹൃദയത്തിൻ ഉടമ അമ്മ

സ്നേഹത്തിൻ സഹനമാണമ്മ....

ഞാനൊന്നു തേങ്ങുമ്പോൾ ചാരത്ത്

സാന്ത്വനമാണ് അമ്മ...

സ്നേഹമാണമ്മ ..

കനിവാണമ്മ..

വാൽസല്യ കതിരൊളിയാണമ്മ..

സ്നേഹാമൃതമാണമ്മ..

സ്നേഹമനോഹരി അമ്മ..

വാൽസല്യ നിറകുടമമ്മ..

ദൈവാവതാരമാണമ്മ..

സ്നേഹരൂപിണിയമ്മ...

സ്നേഹാമൃതമാണമ്മ.....!



Devika Mohan

# Mahatma Gandhi



Mohandas Karamchand Gandhi, popularly known as Mahatma Gandhi, was born on 2nd October 1869 in porbandar, Gujarat. His father was karamchand Uttamchand Gandhi and mother was Putlibai Gandhi. He was a lawyer by profession. He could have practiced law and spend a comfortable life. However, he rather chose to fight the British by participating in India's struggle for freedom. He carried out various freedom movements and inspired several Indian citizens to join him in the same. These movements had a huge impact on the BritishUnlike various other leaders of his time, Gandhiji did not resort to violent and aggressive means to drive the British away. He took the path of truth and non-violence and was supported by a large number of Indians. He played a major role in freeing India from the British rule.

Shari Krishna P
IX



ലിറ്റിൽ ബൈറ്റ്സ്

KNNM High School Pavithreswaram Digital Magazine

കവിത

# ഓർമ്മകൾ

ഒരു പിടി വേദനയും,
ഒത്തിരി ആനന്ദവും,
സമ്മാനിച്ച ഒരാണ്ടങ്ങനെ നടന്നകന്നു.
ആയുസ്സിൻ ഇതളുകൾ
കൊഴിയുമ്പോൾ,
ഒരു ഭ്രാന്തനെപോലെ,
ഞാൻ മുൻകാല ഓർമ്മകൾ നോക്കിനിന്നു.
അവൾ എന്നോട് ആരാഞ്ഞു
പ്രതീക്ഷതൻ വാതിൽ മുന്നിൽനിലപ്പൂ
ഇനി എന്തിനു തിരിഞ്ഞുനോട്ടം?
സ്ത്രീയെ നീ അറിയുന്നില്ലേ
ഓർമ്മകൾ സമ്മാനിക്കുന്ന നോവ്,
ഉണർവ്,തിരിച്ചറിവ്
എനിക്കും നിനക്കും വരുംകാലങ്ങളിൽ
പൂത്തുലയാൻ ഊർജം നൽകുന്ന
അക്ഷയ ഘനികൾ, ഓർമ്മകൾ




Sreejith S



ലേഖനം

# കുട്ടികളുടെ ചാച്ചാജി



കുട്ടികളുടെ 'ചാച്ചാജി'യായ ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് നവംബർ 14 ന് ജവഹർ എന്നാൽ അരുയായ രത്നം എന്നാണർഥം. കൈവെച്ചമേഖലകളിലെല്ലാം രത്നശോഭ പടർത്തി മുക്കാൽനൂറ്റാണ്ടോളം ഭാരതഭ്രമിയെധന്യമാക്കിക്കൊണ്ടാണ് 1964 ൽ ജവഹർലാൽ നെഹ്റു നമ്മോട് യാത്രപറഞ്ഞത്.

1947-ൽ ഇന്ത്യ സ്വതന്ത്രമായതുമുതൽ 1946-ന് അന്തരിക്കുന്നതുവരെ 17 വർഷക്കാലം .അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായി തുടർന്നു. ഇക്കാലയളവിൽ ആധുനികഭാരതത്തിനു ചേർന്ന ഒരു രാഷ്ട്രീയസംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിച്ചു .നെഹ്റു ആവിഷ്കരിച്ച 'ചേരിചേരാനയം'എന്ന നിഷ്പക്ഷമ മായ വിദേശനയം ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റി . കുഞ്ഞുങ്ങളെയും പൂക്കളെയും ജീവനുതുല്യം സ്നേഹിച്ച പ്രധാനമന്ത്രിയായിരുന്ന നെഹ്റു. കുട്ടികളോടുള്ള സ്നഹത്തിന്റെ പ്രതീകമായി നെഹ്റു ജെപ്പാനിലെ കുഞ്ഞുങ്ങ ൾക്ക് ഒരു ആനയെ അയച്ചുകൊടുത്തു കഥ കൂട്ടുകാർകേട്ടിട്ടു ണ്ടാവുമല്ലോ. നഹ്റുവിന് പൂക്കളോടുണ്ടായിരുന്ന പ്രിയം തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ചിത്രം ശ്രദ്ധിച്ചാൽ മതി. ഷർട്ടിന്റെ ബട്ടൺഹോളിൽ ദിവസവും രാവിലെ ഒരു ചെ മ്പനീർ മൊട്ട് വച്ചുകൊണ്ടായിരുന്ന നെഹ്റു പുറത്തിറങ്ങാ റുണ്ടായിരുന്നത്.

**Sreeragh B**



# I Like To Move

I like to move every where
I like to move faster and faster
I like to move like a cheetah
I like to move from this time to my aim
I like to move with my friends
Hello friends you don't go back
To be afraid of others
Because you are the hope of our world and
Your ambition are the wings of hope
Don't waste this time
This is the time to reach the peak of our life and
This is the time of our thought.

Sneha Shaji



# ഭക്ഷണം പാഴാക്കരുതേ......



ഭക്ഷണവും വസ്ത്രത പാർപ്പിടവുമാണ് മനുഷ്യൻെ അടിസ്ഥാന ആവശ്യങ്ങൾ. ഇതൊന്നുമില്ലാത്ത അവസ്ഥയാണ് ദാരിദ്ര്യം. ലോകത്താകെ നൂറ്റിമുപ്പതു കോടിയോളം ജനങ്ങൾ ദാരിദ്ര്യം അനുഭവിക്കുന്നു.ഒരുനേരത്തെ ഭക്ഷണത്തിനുപോലും വകയില്ലാതെ വീർപ്പുമുട്ടുന്നവരാണ് ഇവരിലേറെയും. കണക്കുകൾ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മൾ പാഴാക്കികളയുന്ന ഭക്ഷണത്തിന് അളവില്ല.ഉച്ചഭക്ഷണസമയത്ത് നമ്മൾ പാഴാക്കുന്ന ഭക്ഷണം എത്രയാണ്. അതുപോലെ വിവാഹം പോലെയുള്ള ആഘോഷങ്ങൾ ഭക്ഷധൂർത്തിൻെ പരായമായി മാറുന്നു.ഇങ്ങനെ പാഴാക്കുന്ന ഭക്ഷണം ശരിയായ രീതിയിൽ വിനിയോഗിച്ചാൽ എത്രയോ പേരുടെ വിശപ്പുമാറ്റാൻ കഴിയും. വിശപ്പിൻെ കാഠിന്യം അനുഭവിക്കുന്നവരുമായി നമുക്ക് ഭക്ഷണം പങ്കിടാം.ഒരു വറ്റുപോലും പാഴാക്കില്ലെന്ന് പ്രതിജ്ഞയെടുക്കാം.

**Sneha Santhosh**

# അമ്മയും ദൈവവും

പൂന്തെന്നൽ വീശുന്ന
പൂക്കൾ വിടരുന്ന
പൂമണമെങ്ങും പരന്നിടുന്ന
നന്മകൾ പൂക്കട്ടെ
കായ്ക്കട്ടെ പാരിൻ
ദിവ്യമാം ലോകം
പുലർന്നിടട്ടെ .............
മാനവൻ മണ്ണിന്റെ
നന്മയറിയട്ടെ
മണ്ണിനെ മാനിച്ചു
ജീവിക്കട്ടെ
മണ്ണ് മലിനമാക്കാതെ
നോക്കുക
മണ്ണാണ് നമ്മുടെ
അമ്മയും ദൈവവും



Krishnaveni.s



# Pollution And Health



**Most people are now well aware that enviornmental pollution is definitely detrimental to human health directly, as well as indirectly owing to its adverse effects on animal, marine and vegetable life. However, the most significant pollution, which is the seed of all types pollution is mental pollution. Every verbal directive and physical action to essentially preceded by thoughts originating in the mind. A polluted mind conceives polluted thought, which are then translated into polluted and contaminated words and actions.**

**The human mind is the one of the form which the conception of all types of pollution initially originates, motivated by negative influences of the led to an unprecedented rise in the global pollution. To sustain such a progressively multiplying population, more and more commodities are required, that too merely to satisfy requirements of luxury of the population.**

**These call for more and industries which in turn increasingly contribute to the pollution of the atmosphere, to the ultimate detriment of humanity at large. The mental pollution give rise to diseases like acute mental tension, worry, anxiety and phobia. Hense it is essential to safeguard ourselves from both enviornmental as well as mental pollution. Enviornmental pollution creates only physical health problems, whereas mental pollution is harmful to physical, mental, social and spiritual health of the individual, ultimately leading to the degeneration of society. The only way to solve the problems created by mental pollution is by spiritual awakening.**

**Anandhu J.S**

# ജനറൽ നോളജ് ക്വിസ്

**1.ഗണിതശാസ്ത്രത്തിലെ നൊബൽ എന്നറിയപ്പെടുന്ന ഫീൽഡ്സ് മെഡൽ നേടിയ ആദ്യ വനിത 2017 ജൂലൈ 14 ന് അന്തരിച്ചു.ഇവരുടെ പേര് ?**

-മറിയം മിർസാഖാനി

2.ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ പരിശിലകൻ ?

-രവിശാസ്ത്രി

3.ഇന്ത്യയുടെ ഉപരാഷ്ട്രപതി ?

-വെങ്കയ്യ നായിഡു

4.കോവളം മുതൽ കാസർഗോഡ് വരെയുള്ള 450 കി.മീ ദൈർഘ്യമുള്ള ജലപാതയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ ചുമതലയേൽപ്പിച്ചത്

-രാജ്യാന്തര വിമാനത്താവള കമ്പനിയായ കൊച്ചിസിയാലിനെ

5.സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ പുതിയ ചെയർമാൻ

-പ്രസൂൺ ജോഷിവ

6.ഈ വർഷത്തെ മികച്ച  ക്ഷിരകർഷകനായി (മൃഗസംരക്ഷണനകുപ്പ്) തിരഞ്ഞെടുത്താതാരെ ?

-തൊടുപുഴ സ്വദേശി അലോഷി ജോസഫ്

7.കുട്ടികളുടെ കൂട്ടകുരുതിയിലൂടെ കുപ്രസിദ്ധിയാർജിച്ച ഉത്തർപ്രദേശിലെ ആശുപത്രി ?

-ഗൊരഖ്പൂർ ബാബ രാഘവ്ദാസ് ആശുപത്രി

8.രാജ്യത്തെ ആദ്യ വ്യോമയാന സർവകലാശാല സ്ഥാപിതമായത് ?

-ഉത്തർപ്രദേശിലെ റായ്ബറേലിയിൽ

9.ഇന്ത്യയിൽ റിയൽ എസ്റ്റേറ്റ് ആക്ട് നിലവിൽ വന്നത് ?

-2017 മെയ് 1 ന്

10.ഏഷ്യൻ സ്ക്വാഷ് കിരീടം ആദ്യമായി സ്വന്തമാക്കിയ ഇന്ത്യക്കാരി ?

-ജോഷ്ന ചിന്നപ്പ

11.2017-വിംബിൾഡൺ ടെന്നീസ് പുരുഷകിരീട ജേതാവ് ?

-റോജർ ഫെഡറർ

12.സത്യത്തെ അറിയാൻ ഏറ്റവും പ്രയോജനപ്പെടുന്ന ഗ്രന്ഥം എന്ന് ഗാന്ധിജി വിശേഷിപ്പിച്ച പുസ്തകം ഏത്?

-ഭഗവത്ഗീത

13.ഗാന്ധിജിയെ 'മഹാത്മ' എന്ന് ആദ്യം സംബോധന ചെയ്തതാര് ?

- രവിന്ദ്രനാഥ ടാഗോർ

14.യു.എൻ.ഒ യിലെ അംഗരാജ്യങ്ങളുടെ എണ്ണം?

-193

15.ഏകദിന വനിതാ ക്രിക്കറ്റിൽ 6000 റൺസ് നേടിയ ആദ്യ വനിത ?

-മിതാലി രാജ് {ഇന്ത്യ}

GREESHMA G

**IX**



# Our School In Proverbs

k-nowledge give birth to

kindness

N-ewspapers are world mirrors

N-eatness is our best character

M- isfortunes always come in by a door that has been left open for them

V-ariety is the spice of life

H-ealth is wealth

S-trike while the iron is hot

S-omething is better than nothing

C-haracter is the glory of life

H-andsome is what handsome goes

O-ld is gold

O-ne may smile and be a villian

L-eisure is the time for doing something useful....



Veena P.V

**IX**

# THE FIRST KERALA MINISTRY

**[1957 APRIL 5 -1959 JULY 31]**

**. E . M. S Nampoothiripad - Chief Minister**
**.C. Achuthamenon - Finance**
**.T . V . Thomas - Labour, Transport**
**.K . C . George - Food, Forest**
**.K . P . Gopalan - Industry**
**.T . A . Majeed - Public works**
**.P . K . Chathanmaster - Local Self Government**
**.Joseph Mundasseri - Education, Co-operation**
**.K . R .Gowri - Revenue, Excise**
**.V . R .Krishna lyer - Law, Electricity**
**.Dr . A . R . Menon - Health**

**Gauthami P J**
**IX**



## രാത്രി

ഒരു നിലാവെളിച്ചം നിൽക്കുന്ന സമയം
അതി മനോഹരമായ കളകളം ഒഴുകുന്ന
നദിയുടെ ശബ്ദം കൊണ്ട് മാത്രമല്ല
ആ സന്ധ്യാസമയം

എത്ര മനോഹരം...എത്ര മനോഹരം....
രാത്രി വിരിയുന്ന മുല്ല പൂക്കളുടെ മനോഹരമായ മണം
നിലാവിൻ വെളിച്ചം

എത്ര മനോഹരം....എത്ര മനോഹരം.....




**Sree Rag.**

## കേരളം

കേരളം എൻ നാട്
കേളികൾ ആയിരമുള്ളൊരു നാട്
പ്രകൃതിതൻ ഐശ്വര്യ വരദാനം
എൻ നാട്
പൂക്കളും പുഴകളും ഉള്ളൊരു നാട്
കലയുടെ കേദാരമായൊരുനാട്
ജാതി ഭേദം ഒഴിപ്പിച്ച നാട്
സ്നേഹവും സൗഹൃദവും
ഉള്ളൊരു നാട്
കേരളമെൻ നാട്

**സജിൻ സന്തോഷ്**




# വായനാശീലം കുട്ടികളിൽ

മനസ്സിന്റെ ശരിയായ വളർച്ചയ്ക്കും നിലനിൽപ്പിനും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം. ഒരാളിൽ സംസ്കാരത്തിന്റെ പ്രകാശംപരത്താൻ വായനപോലെ കഴിയുന്ന മറ്റൊന്നില്ല. ഓരോ വ്യക്തിയുടെയും സ്വഭാവരൂപവത്കരണത്തെ ഏറെ സഹായിക്കുന്നത് നല്ല വായനയാണ്. ഉത്തമ ജീവിതംനയിക്കാൻ ഒരാളെ പ്രാപ്ത്നാക്കുന്നതും വായനതന്നെ. 'പുസ്ത്കത്തിലൂടെ വളരാത്തവർ വെറും മൃഗമാണ്.' എന്നെഴുതിക്കൊണ്ട് ഷേക്സ്പിയർ വായനയുടെ മാഹാത്മ്യമാണ് വിളിച്ചുപറയുന്നത്.

കുഞ്ഞുണ്ണിമാഷ് വായനയെക്കുറിച്ച് പറയുന്നതിങ്ങനെയാണ്:

## 'വായിച്ചു വളർന്നാൽ വിളയും
## വായിക്കാതെ വളർന്നാൽ വളയും'

വായക്കുന്നവനിൽ ഉറങ്ങുക്കിടക്കുന്ന വാസനകളെ വളർത്തിയെടുക്കാനും വായന സഹായിക്കുന്നു. നിഷ്കർഷമായ വായനകൊണ്ടേ തിളക്കമാർന്ന ഒരു മനസ്സിന്റെ

KNNM High School Pavithreswaram

# ലിറ്റിൽ ബൈറ്റ്സ്

Digital Magazine

ഉടമയാകാനാകു. വായന വാരിവലിച്ചുള്ളതാകാൻ പാടുള്ളതല്ല. വായനയുടെ ലോകത്ത്

വ്യാപരിക്കുന്ന ഒരുവന് ഭയം ഒഴിവാകും. വായനശീലം കുറെ പ്രായമായതിനുശേഷം

തുടങ്ങേണ്ട ഒന്നാണെന്ന് ധരിക്കരുത്.

ഓർക്കേണ്ട കാര്യം ഇതാണ്:

എന്തു വായിച്ചു എന്നതല്ല പ്രധാനം; വായിച്ച ഗ്രന്ഥങ്ങളിൽ നിന്ന് എന്തുനേടി എന്നതാണ്. വായന മരിക്കുന്നു എന്ന് പല എഴുത്തുകാരും ആവലാതിപ്പെടുകയും ചെയ്യുന്നു. എന്നാൽ നല്ല വായന മരിക്കുന്നില്ല.

'വായിച്ചുതള്ളാതെ വായിച്ചുകൊള്ളാനാണ്' നാം തുനിയയേണ്ടത്. ഉച്ചത്തിൽ വായിക്കുന്നത് വളരെ നല്ലതാണെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം.

സ്നേഹം, ജീവകാരുണ്യം, ധാർമികബോധം എന്നീ ഗുണങ്ങൾ വായനയിലൂടെ ലഭിക്കുന്നതാണ്. സംസ്കാരമുള്ള ഒരു ജനത വളരാൻ, നല്ല വായനശീലമാണ് കുട്ടികളിൽ

ഉണർത്തേണ്ടത്. അതിന്റെ ഉത്തരവാദിത്ത്വം പൂർണ്ണമായി രക്ഷകർത്താക്കൾക്കും

അദ്ധ്യാപകർക്കുമാണെന്ന കാര്യത്തിൽ സംശയമേയില്ല.

**KRISHNAVENI S**



# കടങ്കഥകൾ



1. അടയ്ക്കും തുറക്കും കിങ്ങിണിപ്പത്തായം - കണ്ണ്
2. അടിപാറ, നടുവടി, മീതെകുട -ചേന
3. അമ്മയെ തൊട്ടമകൻ വെന്തമരിച്ചു
-തീപ്പെട്ടിക്കൊ
ള്ളി
4. അമ്മയ്ക്ക് വാലില്ല മക്കൾക്ക് വാലുണ്ട് -തവള
5. എന്നെ തൊട്ടാൽ തൊട്ടവനെ തട്ടും -വൈദ്യുതി
6. ചെടിയിൽ കായ കായിൽ ചെടി -കൈതച്ചക്ക
7. മുള്ളുണ്ട്, മുരിക്കല്ല- വാലുണ്ട് പശുവല്ല -ചക്ക
8. വായില്ല,നാക്കുണ്ട്- നാക്കിന്മേൽ പല്ലുണ്ട് -ചിരവ
9. വില്ലാണ് പക്ഷേ ഞാണില്ല കെട്ടാൻ -മഴവില്ല്
10. പൊന്ന് തിന്ന് വെള്ള തുപ്പി -ചക്കക്കുരു

SAJIN SANTHOSH

# ഹെൻറി ഡേവിഡ് തോറോ (1817-1862)



ലോകത്തിലെ  പരിസ്ഥിതിചിന്തകൾക്ക് തുടക്കം കുറിച്ചവരിൽ  ആദ്യം പരാമർശിക്കേണ്ട പേരാണ് തോറോയുടേത്. വന്യ
തയുടെ സൗന്ദര്യം എന്തെന്ന് ലോകത്തെ വാക്കുകൾ കൊണ്ടും ജീവിതരീതികൾ കൊണ്ടും ബോധ്യപ്പെടുത്തി ഇദ്ദേഹം. പരിസ്ഥിതി ആക്ടിവിസം എന്ന് ഇന്ന് വിളിക്കുന്ന പക്രൃതിക്കു വേണ്ടിയുള്ള തുടക്കം
കുറിക്കുന്നത് തോറോ ആണ്. മെക്സിക്കൻ യുദ്ധത്തെയും അടിമവ്യവസ്ഥയെയും പ്രോത്സാഹിപ്പിക്കില്ലെന്നു തീരുമാനിച്ച് സർക്കാരിനു നികുതി കൊടുക്കാൻ തയ്യാറാകാത്ത അദ്ദേഹത്തെ കോൺ-
കോഡിലെ ജയിലിലടയ്ക്കുന്നുണ്ട് അധികൃതർ. അവിടെ അദ്ദേഹം 'നിൽപ്പുമത്സരം' നടത്തുന്നുണ്ട്. അരനൂറ്റാണ്ടിനുശേഷം പ്രിട്ടോറിയ ജയിലിൽ വച്ച് 'സിവിൽ നിസ്സഹരണം' എന്ന സമരമാർഗം ഗാന്ധിജി സ്വീകരിക്കുന്നത് തോറയിൽ നിന്നുള്ള പ്രചോദനം കൊണ്ടാണ്. വാൾഡൻ തടാകക്കരയിലെ ഋഷിതുല്യമായ ജീവിതവും വാൾഡൻ എന്ന പേരിൽ എഴുതിയ തത്ത്വചിന്താപരമായ പ്രകൃതിഗ്രന്ഥവും തോറോയെ പരിസ്ഥിതിനായനും പരിസ്ഥിതിസാഹിത്യ രചനയുടെ പിതൃബിംബവു-
മാക്കി മാറ്റി. കറ്റാഡിൻ മലകളിലെ സഞ്ചാരമാണ് തോറോയെ വന്യതയുടെ സൗന്ദര്യോപാസകനാക്കി പരിവർത്തനപ്പെടുത്തിയത്.
വിശാലവും ബൃഹത്തവും മനുശ്യതരവുമായ മാതൃപ്രകൃതിയുടെ സ്നേഹവാത്സല്യങ്ങൾ നുകരാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹമാണ് കോൺകോഡ് പട്ടണത്തിന്റെ

പ്രാന്തപ്രദേശത്തുള്ള വാൾഡൻ  തടാകക്കരയിൽ 'സ്വയം തീർത്ത കുടിലിൽ സ്വൽപ്പം ആഹാരം, കുറച്ചു പുസ്തകങ്ങൾ,ധാരാളം സമയവും' ആയി കഴിയാനിടയാക്കിയത്. പ്രാകൃതമനുഷ്യനെപ്പോലെ ആദിമവനത്തിൽ ജീവിക്കാനല്ല, തോറോ ആശ്രമവാസം തിരഞ്ഞെടുത്തത്. മറിച്ച്, ഒരു തത്ത്വദർശിയായി ജീവിക്കാൻ തനിക്കു കഴിവുണ്ടാകത്തക്കവിധം പട്ടണത്തിൽ നിന്നും അദ്ദേഹം പിൻവാങ്ങുകയായിരുന്നു.

വാൾഡൻ തടാകക്കരയിൽ പക്ഷികളെയും മൃഗങ്ങളെയും കാറ്റിനേയും ഋതുക്കളെയും വെള്ളത്തിന്റെ സ്വഭാവത്തെയും അദ്ദേഹം സൂക്ഷ്മമായി നിരീക്ഷിച്ചു. ആധുനിക ഉപകരണങ്ങൾ കൊണ്ടല്ല, കണ്ണും മനസ്സും കൊണ്ടാണ് അദ്ദേഹം പ്രകൃതിയെ രേഖപ്പെടുത്തിയത്. എഴുതിവച്ച സിദ്ധാന്തങ്ങളെ ആശ്രയിക്കാതെ സ്വന്തം മനസ്സുപയോഗിച്ച് നിഗമനങ്ങളിലെത്തിച്ചേരുകയായിരുന്നു തോറോവിന്റെ രീതി. 'നമ്മുടെ ശാസ്ത്രം എല്ലായാപ്പോഴും അനുകൂലകമ്പങ്ങളേക്കാളധികം നിഷ്ഫലവും തെറ്റുകൾ കലർന്നതുമാണ് ' എന്ന് അദ്ദേഹം എഴുതി. 1860 ൽ അദ്ദേഹമെഴുതിയ 'വനമുണ്ടാകുന്നത് '(succession of forest trees) എന്ന ലേഖനം നഗരനടുവിൽ സ്വയം കാട്ടുണ്ടാക്കി പ്രകൃത്യനുസാരിയായ ജീവിതം നയിച്ച അനുഭങ്ങൾ, പുതിയ കാലത്ത് വനവൽക്കരണം എങ്ങനെ പ്രയോജനപ്പെടുത്താനാവും എന്ന ചിന്തയ്ക്ക് വഴി മരുന്നിട്ടു

KANYA BABU



# രണ്ടു കവിതകൾ

## വേനൽ



ഹൃദയ ഭിത്തികൾ
ദുർബലമാക്കിയോർഗ്നി
പർവത സ്ഫോടനത്തിൽ,
തിളച്ച മറഞ്ഞ ലാവാ.
ജ്വാലകൾ മിഴികളിൽ നിറച്ച
ചുറ്റുമുള്ളവയൊക്കെ ചുട്ടു
പൊള്ളിക്കുന്നു.

## മഴ



മിഴികളിൽ നിന്നുതുടവിച്ച.
കവിളുകളിലൂടൊഴുകിയിറങ്ങി
മനസ്സിനെ തണുപ്പിക്കുന്നു.

Anjana Devi

SCIENCE EMPOWERS THE NATION BY DR . KALAM



The scientific inventions have helped the progress of the nation. It has brought about industrial progress in the country. Green revolution is a contribution of science, and it has provided food for our millions. Transport and communication facilities have been improved due to the knowledge of science.
Health care is another field where science has contributed a lot.Our country has made tremendous progress in space research .Now, our scientists are exploring celestial bodies like the moon and the mars. People's standard of life has also improved due to our knowledge of science The mission of 'sasthrayaan' was to ensure the preparation of about 2000 students from different schools , towards making the eligible to be engineers,scientists,doctors,qualified managers and
civil servants.

Aparna A

## പുരാണകഥ

# ദാനത്തിന്റെ മഹത്വം



പാണ്ഡവരുടെ അമ്മയാണ് കുന്തീദേവി.കുന്തീദേവിയുടെ മൂത്ത പുത്രനായിരുന്ന കർണന്റെ കഥ കേട്ടിട്ടില്ലേ?
വലിയ ദാനശീലനായിരുന്ന കർണൻ. കുരുക്ഷേത്രയുദ്ധത്തിൽ അർജ്ജുനന്റെ അമ്പേറ്റ് മരണമടഞ്ഞ കർണൻ സ്വർഗത്തിലെത്തി. ദാനശീലംകൊണ്ട് പുണ്യം നേടിയ കർണൻ താമസിക്കാനായി ദേവേന്ദ്രൻ സ്വർഗത്തിൽ വലിയൊരു കൊട്ടാരം ഏർപ്പാടാക്കിക്കൊടുത്തു.

എന്നാൽ അവിടെ താമസം തുടങ്ങിയപ്പോഴാണ് ഒരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടത്, ദാഹം തീർക്കാൻ പരിചാരകർ കൊണ്ടുവന്ന പാത്രത്തിൽ വെള്ളമല്ല ഉരുകിയ സ്വർണമാണ്. വിശപ്പ് മാറ്റാനുള്ള ഭക്ഷണത്തിനു പകരവും സ്വർണംതന്നെ! സ്വർണം ഭക്ഷിച്ച് ദാഹവും വിഷപ്പും മാറ്റണമെന്നാണോ സ്വർഗത്തിലെ നിയമം? അമ്പരന്നുപോയ കർണൻ ദേവന്ദ്രനോടു കാര്യം തിരക്കി. ദേവേന്ദ്രൻ പുഞ്ചിരിയോടെ പറഞ്ഞു.

"ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ എന്തുദാനം ചെയ്യുവോ അതാണ് സ്വർഗത്തിൽ തിരിച്ചു കിട്ടുക. കർണൻ കണക്കറ്റ സ്വർണം ദാനം ചെയ്തു. എന്നാൽ വിശക്കുന്നവന് ഭക്ഷണമോ, ദാഹിക്കുന്നവന് അല്പം ജലമോ, ദാനം ചെയ്യുന്ന കാര്യം ശ്രദ്ധിച്ചില്ലേ?സ്വർഗത്തിൽ കിട്ടുന്നതെല്ലാം സ്വർണമയമാവാൻ കാരണം ഇതാണ്."

കർണന് തന്റെ തെറ്റ് മനസ്സിലായി അദ്ദേഹം പറഞ്ഞു:

"പ്രഭോ, ശരിയാണ്, ഞാൻ ദാനം ചെയ്തതത്രയും സ്വർണമാണ്. ആ തെറ്റ് തിരുത്താൻ അടിയന് ഒരവസരം തരണേ. അല്പകാലംകൂടി ഭൂമിയിൽ ജീവിക്കാൻ അടിയനെ അനുവദിക്കണേ..."

ദേവേന്ദ്രൻ അതു സമ്മതിച്ചു! അങ്ങനെ ഏതാനം ദിവസങ്ങൾകൂടി ഭൂമിയിൽ ജീവിക്കാൻ കർണന് അവസര ലഭിച്ചു.......



Sneha Santhosh

**IX.B**

## Art



**ലക്ഷ്മി നന്ദന**





## സൗഹൃദം

മഴ നനഞ്ഞ് വന്നവർ നമ്മൾ
സൗഹൃദങ്ങളെ ചാറ്റൽ മഴയിൽ
പുളകം കൊണ്ടവർ നമ്മൾ
മഴയുടെ നാനാർത്ഥം തേടി
ഒടുവിലെപ്പോഴോ സ്നേഹത്തിലേക്കൊഴുകുവാൻ
വെമ്പിയോർ..................
ഹരിത ഹർഷങ്ങൾ തേരിലേരിയവർ
നമ്മൾ....................
പിരിയില്ല നമ്മൾ ഈ ഭൂമിയിൽ
മരിക്കുവോളം..................



Greeshma G

**IX B**



ഇനിയും കാണും വരെ

സസ്നേഹം

സ്നേഹ